പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 786 29/09/2016 - ൽ മറുപടിയ്ക്ക്

**പൊതു വിദ്യാഭ്യാസ മേഖലയിലെ പരാതികൾ തീർപ്പാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ: | | പ്രൊ. സി . രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ മേഖലയിലെ പ്രൈമറി,സെക്കണ്ടറി,ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; സമയബന്ധിതമായി നടപടി തീർപ്പാക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കുമോ; | (എ) | സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന് വിരുദ്ധമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള ചട്ടം അനുശാസിക്കും പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല, ഡി.പി.ഐ ഓഫീസുകളിൽ ഇപ്പോൾ കെട്ടിക്കിടക്കുന്ന ഫയലുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഫയലുകളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കാത്ത ഓഫീസർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിൽ വ്യക്തമായ വിവരങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കുമോ; | (സി) | ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. |
| (ഡി) | എം.എൽ.എ മാർ നൽകുന്ന കത്തിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നും മറുപടി ലഭിക്കുന്നതു പോലെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിൽ നിന്നും മറുപടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ മറുപടി നല്കുന്നുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ